# പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2012 ഡിസംബർ 21, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

33 (*271) ബ്ലോക്ക് പഞ്ചായത്തുകളിലെ ക്ഷീരവികസന യൂണിറ്റ്

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) നൽകിയ മറുപടിയിൽ, പുനഃക്രമീകരണം മൂലം ഇല്ലാതായ ബ്ലോക്ക് പഞ്ചായത്തുകളിലെ ക്ഷീരവികസന യൂണിറ്റുകളെ അതാത് കോർപ്പറേഷൻ/മുനിസിപ്പാലിറ്റിയിൽ നിലനിർത്തിക്കൊണ്ട് പുതുതായി രൂപം കൊണ്ട ബ്ലോക്കുകളിൽ പുതിയ ക്ഷീരവികസന യൂണിറ്റുകൾ അനുവദിക്കുന്നതിനുള്ള ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ പ്രൊപ്പോസൽ പരിശോധിച്ചുവരികയാണെന്ന് സഭയെ അറിയിച്ചു. പുതുതായി നിലവിൽ വന്ന കാളികാവ് (മലപ്പുറം), പനമരം (വയനാട്), കല്ല്യാശ്ശേരി (കണ്ണൂർ), പാനൂർ (കണ്ണൂർ), പരപ്പ (കാസർഗോഡ്), കാറടുക്ക (കാസർഗോഡ്) എന്നീ ബ്ലോക്കുകളിൽ ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചാൽ പുതിയ ഓഫിസുകൾ ആരംഭിക്കുകയോ പഴയ ഓഫീസുകൾ

ഷിഫ്റ്റുചെയ്യുകയോ ചെയ്യുന്നതാണ് ക്ഷീര വികസന രംഗത്ത് ആർ. ഹേലി കമ്മിറ്റിയുടെയും ഉണ്ണിത്താൻ കമ്മിറ്റിയുടെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് നടപടികൾ സ്വീകരിക്കുന്നത്. കാലിത്തീറ്റ സബ്സിഡി ആറുമാസത്തേയ്ക്ക് എന്നുള്ളത് 12 മാസത്തേയ്ക്ക് എന്നാക്കുകയും 40 പൈസയിൽനിന്ന് 80 പൈസയാക്കി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കാലിത്തീറ്റ വിലവർദ്ധന നേരിടുന്നതിന് തിരുവനന്തപുരം, മലബാർ മേഖലാ യൂണിയനുകൾ വർദ്ധിപ്പിച്ച തുക സബ്സിഡിയായും എറണാകുളം മേഖലാ യൂണിയൻ ലിറ്ററിന് ഒരു രൂപ വച്ച് സഹായവും കൊടുക്കുന്നുണ്ട്. കാലിത്തീറ്റ ക്ഷാമം പരിഹരിക്കുന്നതിന് മിൽമ മുൻകൈയെടുത്ത് കോയമ്പത്തൂരിൽ ഒരു ഫാക്ടറി തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. കാലിത്തീറ്റ ഉത്പാദനത്തിന്റെ 60 ശതമാനവും കയ്യാളുന്ന സ്വകാര്യമേഖല വില വർദ്ധിപ്പിക്കുന്നതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് വീണ്ടും ആവശ്യപ്പെടുന്നതാണ്. പുതിയ തലമുറയെ ക്ഷീര കൃഷിയിലേയ്ക്ക് ആകർഷിക്കാനായി കേരളത്തിലെ തെരഞ്ഞടുത്ത മൂന്ന് സ്കൂളുകളിൽ ഡയറി ക്ലബുകൾ ആരംഭിച്ചിട്ടുണ്ട്. മിൽക്കിംഗ് മെഷീനുകൾ പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ക്ഷീരമേഖലയിൽ പ്രവർത്തിക്കുന്ന കൂടുതൽ സംഘങ്ങളെയും വ്യക്തികളെയും ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവന്ന് ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന പാലിന് സെസ് ഏർപ്പെടുത്തി ക്ഷേമനിധിയെ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചും ആലോചിക്കുന്നതാണ്. അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന പാൽ പരിശോധനകൾക്ക്

വിധേയമാക്കുന്നുണ്ട്. പാൽ വില വർദ്ധനവിന്റെ ബെനിഫിറ്റ് ക്ഷീര കർഷകർക്ക് ലഭിക്കുന്നുണ്ടെന്നും പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ അവസാനമാകുമ്പോൾ സംസ്ഥാനത്തിനാവശ്യമായ പാൽ ഇവിടെത്തന്നെ ഉത്പാദിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ക്ഷീര സംഘങ്ങൾക്ക് കെട്ടിടം പണിയുന്നതിന് എം.എൽ.എ./എം.പി ഫണ്ട് ഉപയോഗിക്കുന്നതിനെക്കുറിച്ച് ആലോചിക്കാമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. ക്ഷീരവികസനരംഗത്ത് ഇൻസെമിനേഷൻ അടക്കമുള്ള കാര്യങ്ങളിൽ വെറ്ററിനറി സർജൻമാരുടെ സേവനം മൃഗസംരക്ഷണ വകുപ്പിൽനിന്ന് ലഭ്യമാക്കുന്നുണ്ടെന്ന് ഒരുപചോദ്യത്തിലിടപെട്ടുകൊണ്ട് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സഭയെ അറിയിച്ചു.

34(*272) <u>അന്യസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷ</u>

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനങ്ങളിലെ ക്രമസമാധാന ചുമതല അതാത് സർക്കാരുകളിൽ നിക്ഷിപ്തമായതിനാൽ അന്യസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന പ്രവാസി കേരളീയരുടെ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താറുണ്ടെന്ന് സഭയെ അറിയിച്ചു. ‘ആധാർ’ (യു.ഐ.ഡി) വന്നുകഴിഞ്ഞാൽ കേരളത്തിന് പുറത്ത് ഇൻഡ്യക്കകത്തും പുറത്തുമായി ജോലി ചെയ്യുന്ന മലയാളികളെ സംബന്ധിച്ച് വ്യക്തമായ കണക്ക് ഉണ്ടാക്കാനും അവരുടെ ക്ഷേമകാര്യങ്ങളിൽ നടപടി സ്വീകരി

ക്കാനും സാധിക്കുന്നതാണ്. പ്രധാനപ്പെട്ട സംസ്ഥാന ആസ്ഥാനങ്ങളിൽ നോർക്ക ഓഫീസ് തുടങ്ങിക്കൊണ്ട് സേഫ്റ്റി മെഷേഴ്സ് ശക്തിപ്പെടുത്താൻ ശ്രമിക്കുന്നതാണ്. അന്യസംസ്ഥാനങ്ങളിൽ മലയാളികൾ അനുഭവിക്കുന്ന പീഡനങ്ങൾ സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ അന്വേഷിച്ച് നടപടി സ്വീകരിക്കാറുണ്ടെന്നും ഉത്തർപ്രദേശിലെ റായ്ബറേലിയിൽനിന്നും തട്ടിക്കൊണ്ടുപോയി കൊല ചെയ്യപ്പെട്ട പുത്തൂർ സ്വദേശി വിജയമ്മയുടെ കുടുംബാംഗങ്ങളിൽ നിന്നും അപേക്ഷ ലഭിച്ചാൽ പരമാവധി സഹായം ലഭ്യമാക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. മലയാളികൾ അനധികൃത ഏജൻസികൾ വഴി വിദേശ രാജ്യങ്ങളിൽ ജോലിക്ക് പോയി വഞ്ചിക്കപ്പെടുന്ന സ്ഥിതി ഒഴിവാക്കാൻ ബോധവത്കരണം നടത്തുന്നതാണ്. അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡേറ്റാ കിട്ടുന്ന മുറയ്ക്ക് രജിസ്ട്രേഷനുള്ള നടപടികൾ സ്വീകരിക്കുമെന്നും നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് ലേബർ ക്യാമ്പ് തുടങ്ങാൻ ആലോചിക്കുന്നുണ്ടെന്നും അത് വിജയകരമാണെങ്കിൽ മറ്റിടങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കുമെന്നും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി അറിയിച്ചു.

35(*273) <u>അഡ്വർടൈസിംഗ് ചട്ടങ്ങൾ</u>

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കേബിൾ ടി.വി. റഗുലേഷൻ നിയമത്തിലെ അഡ്വർടൈസിംഗ് ചട്ടങ്ങൾ സംബന്ധിച്ച് ജില്ലാതല സമിതികൾ

ശ്രദ്ധയിൽപ്പെടുത്തുന്ന വിഷയങ്ങളിൽ തീരുമാനങ്ങളെടുക്കുകയാണ് സംസ്ഥാനതല സമിതിയുടെ ചുമതലയെന്ന് സഭയെ അറിയിച്ചു. ടി.വി. ചാനലുകളിൽ സംപ്രേഷണം ചെയ്യുന്ന പരിപാടികളെക്കുറിച്ച് പൊതുജനങ്ങൾക്കുള്ള പരാതി സത്യമെന്ന് ബോധ്യപ്പെട്ടാൽ കേബിൾ ടി. വി. ആക്ടിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതിനും 1995 -ലെ കേബിൾ ടി.വി. നെറ്റ് വർക്ക് ആക്ട് പ്രകാരം ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെ പ്രവർത്തനം വിലയിരുത്താനും പൊതുജനങ്ങൾക്കോ മതവിഭാഗങ്ങൾക്കോ ദോഷമുണ്ടാകുന്ന പരിപാടികൾ സംപ്രേഷണം ചെയ്യുകയാണെങ്കിൽ അത് ഉടൻതന്നെ കേന്ദ്ര സംസ്ഥാന സർക്കാരുകളെ അറിയിക്കുവാനും പ്രാദേശിക ചാനലുകൾ സംപ്രേഷണം ചെയ്യുന്ന പരിപാടികൾ സശ്രദ്ധം നിരീക്ഷിക്കുകയും അത് ജനങ്ങളെ മുറിപ്പെടുത്തുന്ന രീതിയിൽ ആകുന്നില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നതിനും ജില്ലാതല സമിതികൾക്ക് അധികാരമുണ്ട്. കാലാവധി കഴിഞ്ഞതിനാൽ ഈ സമിതികൾ പുന: സംഘടിപ്പിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുന്നതാണ്. കേബിൾ ടിവി. റെഗുലേഷന് വിരുദ്ധമായി ചാനലുകൾ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നുണ്ടെങ്കിൽ അതിൻമേൽ നടപടിയെടുക്കുന്നതാണ്. സീരിയലുകളുടെയും മറ്റും കഥകൾക്ക് നിയന്ത്രണമേർപ്പെടുത്താൻ സാധിക്കില്ലെങ്കിലും പരാതി കിട്ടിയാൽ അന്വേഷിക്കുന്നതാണ്. പരസ്യങ്ങൾ മൂലം വഞ്ചിതരാകുന്ന ആളുകൾക്ക് അത് സംബന്ധിച്ച് പരാതിപ്പെടുന്നതിനും നഷ്ടപരിഹാരം ലഭിക്കുന്നതിനും അവകാശമുണ്ട്. ഇത് സംബന്ധിച്ച് ജനങ്ങളെ ബോധവത്കരിക്കാൻ ശ്രമിക്കുന്നതാണ്. ഫ്ളക്സ് ബോർഡുകൾ നിയന്ത്രിക്കുന്നത് പഞ്ചായത്തുകളുടെയും കോർപ്പറേഷന്റെയും അധികാരപരിധിയിലുള്ള വിഷയമായതു

കൊണ്ട് അവ ബന്ധപ്പെട്ട മന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്തുമെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

36(*274) <u>വീടുകളിൽ മാലിന്യം സംസ്കരിക്കുന്നവർക്ക് നികുതിയിളവ്</u>

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) നൽകിയ മറുപടിയിൽ, ഉറവിട മാലിന്യ സംസ്കരണമാണ് അനുയോജ്യമെന്ന് കണ്ടതിനാൽ ഖരമാലിന്യ സംസ്കരണം സ്വമേധയാ നട പ്പിലാക്കുന്ന സ്വകാര്യ വ്യക്തികൾക്ക് അതാത് പ്രദേശത്തെ ഗ്രാമ പഞ്ചായ ത്തുകളും മുനിസിപ്പാലിറ്റികളും നഗരസഭാ കോർപ്പറേഷനുകളും പദ്ധതി തയ്യാറാക്കുകയും സർക്കാർ അനുവദിക്കുന്ന സബ്സിഡി തുക കണക്കിലെ ടുത്ത് പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതിയും സാമ്പത്തിക സഹാ യവും ലഭ്യമാക്കുകയും ചെയ്യുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഉറവിടമാലിന്യ സംസ്കരണത്തിനായി 2011-12 സാമ്പത്തിക വർഷം 38 നഗരസഭകൾക്ക് 6.79 കോടി രൂപയും 35 ഗ്രാമപഞ്ചായത്തുകൾക്ക് 2.17 കോടി രൂപയും തിരു വനന്തപുരം കോർപ്പറേഷന് 5.8 കോടി രൂപയും കൊല്ലം കോർപ്പറേഷന് 2.71 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. താലൂക്ക്-ജില്ലാ ആശുപത്രികളിൽ ദ്രവമാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുന്നതിന് 2012-13 വർഷ ത്തിൽ 14.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കമ്പോസ്റ്റ് സംവിധാനങ്ങൾക്ക് പ്രോജക്ട് കോസ്റ്റിന്റെ 90% തുകയും ബയോഗ്യാസ് പ്ലാന്റുകൾക്ക് 75% തുകയും സബ്സിഡിയായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്യുന്നുണ്ട് സംസ്ഥാനത്തെ വീടുകളിലെ വികേന്ദ്രീകൃത മാലി ന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കമ്പോസ്റ്റിംഗ് സം

വിധാനം, ബയോഗ്യാസ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്ന വീടുകൾക്ക് വീട്ടുകരത്തിൽ 10% വരെ ഇളവ് അനുവദിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ട്. പൈപ്പ് കമ്പോസ്റ്റിംഗ് സംവിധാനത്തിൽനിന്നും ലഭിക്കുന്ന കമ്പോസ്റ്റ് വില നൽകി കുടുംബശ്രീ വഴി സംഭരിച്ച് വിതരണം ചെയ്യുന്ന സംവിധാനത്തെക്കുറിച്ച് ആലോചിക്കുന്നുണ്ട്. ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നുണ്ടെങ്കിലും സ്ഥലം ലഭ്യമാകുന്നില്ലെന്നും ലഭ്യമാകുന്ന സ്ഥലങ്ങളിൽ പ്രാദേശികമായ തടസ്സങ്ങൾമൂലം നടപ്പാക്കാൻ കഴിയുന്നില്ലെന്നും ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

## അടിയന്തര ചോദ്യം

1 (1) ആഭരണ വ്യാപാര മേഖലയിലെ നികുതി ചോർച്ച

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി ) നൽകിയ മറുപടിയിൽ, ആഭരണമേഖലയിൽ നിന്ന് നികുതിയിനത്തിൽ 2010-11-ൽ 225.40 കോടി രൂപയും 2011-12-ൽ 302.20 കോടി രൂപയും ലഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കേരളത്തിൽ നിലവിൽ സ്വർണ്ണാഭരണങ്ങൾ വാറ്റ് നിയമത്തിന്റെ ഷെഡ്യൂൾ മൂന്നിൽ ഉൾപ്പെടുത്തി 5 ശതമാനം നികുതിയാണ് ചുമത്തുന്നത്. സ്വർണ്ണ വ്യാപാരി കോമ്പൗണ്ടഡ് നികുതി വ്യവസ്ഥയിൽ നികുതി ഒടുക്കുവാൻ ഓപ്റ്റ് ചെയ്യുന്നപക്ഷം ഈ നികുതി നിരക്ക് ബാധകമല്ല. അപ്രകാരമുള്ളവർക്ക് മുൻവർഷം അടച്ച നികുതിയുടെ ഒരു നിശ്ചിത ശതമാനം കൂട്ടി ഇക്കൊല്ലം നികുതി ഒടുക്കിയാൽ മതി

യാകും. സ്വർണ്ണാഭരണങ്ങളിൻമേൽ അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽ ഒരു ശതമാനം നികുതിയാണുള്ളത്. വാറ്റ് ചുമത്തുന്നതുമൂലം ഉയർന്ന ഷെഡ്യൂൾ നിരക്കും ആകർഷകമായ കോമ്പൗണ്ടിംഗ് വ്യവസ്ഥയും ചേർന്ന സമവാക്യം നികുതിവരുമാനം ഉയർത്തിയതായാണ് കണ്ടുവരുന്നത്. വ്യാപാര സ്ഥാപനങ്ങളുടെ കണക്കുകൾ അവർ സത്യസന്ധമായി സൂക്ഷിക്കേണ്ടതാണന്ന് വാറ്റ് നിയമം വ്യവസ്ഥ ചെയ്യുന്നു. അപ്രകാരം ചെയ്യാത്തവരുടെമേൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. അയൽ സംസ്ഥാനങ്ങളിലെപ്പോലെ നികുതി നിരക്ക് കുറയ്ക്കുകയാണെങ്കിൽ വരുമാനം കൂടുമെന്ന വ്യാപാരികളുടെ ഡിമാൻഡ് സംബന്ധിച്ച് പഠിക്കുന്നതിന് ചുമതലപ്പെടുത്തിയ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് നിലപാട് സ്വീകരിക്കുന്നതാണെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി 275 മുതൽ 300 വരെയുള്ള. ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3207 മുതൽ 3547 വരെയുള്ള ചോദ്യങ്ങളിൽ 88 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)